ഗവൺമെൻറ്. ഈ കാര്യത്തിൽ വലിയ ദുർവാശിയീലാണ് എന്നാണ് ഈ രാജ്യത്തെ നല്ലൊരു വിഭാഗം ജനങ്ങളും വിശ്വസിക്കുന്നത്. ഈ ദുർവാശി ഈ കാര്യത്തിൽ വേണോ ? കുറെക്കൂടി അവധാനതയോടുകൂടി ഈ കാര്യങ്ങൾക്ക് ഒരു തീരുമാനം എടുക്കുന്നതല്ലേ നല്ലത് ? ഗവൺമെൻറിന് ഈ ദുർവാശി ഉപേക്ഷിക്കുവാൻ കഴിയുകയില്ലേ ?

ശ്രീ. ടി. എം. ജേക്കബ് : ബഹുമാനപ്പെട്ട ആർ. എസ്. പ്പണ്ണിയുടെ ഈ പരാമർശനത്തിൽ വളരെ ദുഃഖമുണ്ട്. ഇതിനകത്ത് ഒരു ദുർവാശിയുമില്ല. അങ്ങനെ ഒരു തെറ്റിദ്ധാരണ നമ്മുടെ രാജ്യത്ത് പരത്തിയിരിക്കുന്നതാണ്. അവധാനതയോടുകൂടിയുള്ള ചർച്ച വേണമെന്ന് അങ്ങ് പറഞ്ഞത് പൂർണ്ണമായും ഉൾക്കൊള്ളുന്നു. 1982 മുതൽ നമ്മുടെ സ്റ്റേറ്റിൽ ഈ ഒരു വിഷയത്തെ സംബന്ധിച്ച്—പ്രീ ഡിഗ്രി ബോർഡ് എന്ന വിഷയത്തെ സംബന്ധിച്ച്—നമ്മുടെ വിദ്യാഭ്യാസത്തിൽ 10+2+3 സിസ്റ്റത്തെ സംബന്ധിച്ച് ധാരാളം ചർച്ചകൾ നടന്നിട്ടുണ്ട്. ദേശീയ വിദ്യാഭ്യാസ നയത്തിൽ പ്രധാനമായും ചർച്ചയ്ക്ക് വിഷയീഭവിച്ച വിഷയം ഇതുതന്നെയായിരുന്നു. ഞാൻ തന്നെ ഈ സഭയിലെ അംഗങ്ങളെയെല്ലാം കത്തെഴുതി അറിയിച്ചിരുന്നു, ചർച്ചയിൽ പങ്കെടുക്കണമെന്ന് പറഞ്ഞ്, കുറെ ആളുകൾ ചർച്ചയിൽ പങ്കെടുക്കുകയുണ്ടായി. അങ്ങനെ ധാരാളം ചർച്ചകൾ നടത്തി, വളരെയേറെ പഠനങ്ങൾ നടത്തി എല്ലാവരുടെയും പ്രത്യേകിച്ച് വിദ്യാഭ്യാസ രംഗത്തെ വിചക്ഷണൻമാരായിട്ടുള്ള ആളുകൾ എല്ലാം അഭിപ്രായം പറഞ്ഞിട്ടുള്ള ഒരു കാര്യത്തെ സംബന്ധിച്ച് മാത്രമാണ് ഗവൺമെൻറ് മുന്നോട്ട് നീങ്ങിയിരിക്കുന്നത്. അതിനകത്ത് ഒരു ദുർവാശിയും ഉണ്ടെന്ന് അങ്ങ് ധരിക്കരുത്.

പ്രീ-ഡിഗ്രി പരീക്ഷാഫലം

*21 [21] ശ്രീ. കാനം രാജേന്ദ്രൻ :
,, വർക്കല രാധാകൃഷ്ണൻ :
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
,, പി. കുമാരൻ :
,, ടി. പി. പീതാംബരൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) 1986-ൽ നടത്തിയ പ്രീ-ഡിഗ്രി പരീക്ഷാഫലം പൂർണ്ണമായും ഇനിയും പ്രസിദ്ധീകരിച്ചിട്ടില്ലെന്ന വിവരം സർക്കാരിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഏതെല്ലാം സർവ്വകലാശാലയിൽ എത്രപേരുടെ പരീക്ഷാഫലം വീതം പ്രസിദ്ധീകരിക്കാൻ ബാക്കിയുണ്ടെന്നു വ്യക്തമാക്കാമോ ;

(സി) റിസൾട്ട് പ്രഖ്യാപിച്ചതിൽ തന്നെ മാർക്ക് ലിസ്റ്റ് വിതരണം ചെയ്യാൻ കഴിയാത്തതുകൊണ്ട് വിദ്യാർത്ഥികൾക്ക് ഡിഗ്രി കോഴ്സുകൾക്ക് പ്രവേശനത്തിന് അപേക്ഷിക്കാൻ കഴിയുന്നില്ലെന്ന പരാതി ഗവൺമെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) റിസൾട്ട് പൂർണ്ണമായും പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഇ) പ്രീ-ഡിഗ്രി പരീക്ഷാ മാർക്ക് ലിസ്റ്റ് സംബന്ധിച്ച് എത്ര പരാതികൾ ഓരോ യൂണിവേഴ്സിറ്റികളിലും കിട്ടിയിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) അവയിൽ എത്രയെണ്ണം പരിഹരിച്ചു ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്)

(എ) ഉണ്ട്

(ബി) കേരള സർവ്വകലാശാലയിൽ 3726 പേരുടെയും കാലിക്കട്ട് സർവ്വകലാശാലയിൽ 350 പേരുടെയും ഗാന്ധിജി സർവ്വകലാശാലയിൽ 123 പേരുടെയും ഫലം പ്രസിദ്ധീകരിക്കുവാനുണ്ട്

(സി) ഉണ്ട്

(ഡി) സർവ്വകലാശാലകളും നടപടി എടുത്തിട്ടുണ്ട് .

(ഇ) കാലിക്കട്ട് സർവ്വകലാശാലയിൽ 2500 എണ്ണവും ഗാന്ധിജി സർവ്വകലാശാലയിൽ 6 എണ്ണവും കേരള സർവ്വകലാശാലയിൽ 4538 എണ്ണവും

(എഫ്) കാലിക്കട്ട് സർവ്വകലാശാലയിലും ഗാന്ധിജി സർവ്വകലാശാലയിലും നിന്നു ലഭിച്ച മുഴുവൻ പരാതികളും കേരള സർവ്വകലാശാലയിലെ 1712 എണ്ണത്തിലും പരിഹാരമുണ്ടാക്കി. കേരള സർവ്വകലാശാലയ്ക്ക് ലഭിച്ച പരാതികളിൽ 2500-ഓളം എണ്ണം കഴമ്പില്ലാത്തവയായിരുന്നു. ബാക്കിയുള്ള 326 പരാതികളിന്മേൽ നടപടികളും പൂർത്തിയായി വരുന്നു.

ശ്രീ. കാനം രാജേന്ദ്രൻ : പരാതികളും എല്ലാം പരിഹരിക്കുകയും നടപടി സ്വീകരിക്കുകയും ചെയ്തു എന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്. ഇപ്പോൾ പരീക്ഷ കഴിഞ്ഞിട്ട് ജയിച്ചോ തോറ്റോ എന്ന് അറിയാൻ വയ്യാത്ത ആയിരക്കണക്കിന് വിദ്യാർത്ഥികളാണ് നമ്മുടെ സംസ്ഥാനത്ത് ഉള്ളത്. ഇവിടെതന്ന കണക്കുകൾ അനുസരിച്ചാണെങ്കിൽ ഏതാണ്ട് നാലായിരത്തോളം വിദ്യാർത്ഥികളുടെ കാര്യത്തിൽ ഒരു വ്യക്തതയും ഇല്ല. നടപടി സ്വീകരിച്ചു വരുന്നു എന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഈ നടപടി എന്ന് അവസാനിക്കുമെന്ന് ഒന്ന് വ്യക്തമാക്കുമോ ?

ശ്രീ. ടി. എം. ജേക്കബ് : ഇപ്പോൾ കേരള യൂണിവേഴ്സിറ്റിയെ സംബന്ധിച്ച് ഞാൻ രണ്ടാമത് വായിച്ച നമ്പർ ബഹുമാനപ്പെട്ട മെമ്പർ ശ്രദ്ധിച്ചില്ലെന്ന് ആണ് എനിക്ക് തോന്നുന്നത്. ഇനി ബാക്കിയുള്ള 326 പരാതികളാണ് കേരള യൂണിവേഴ്സിറ്റിയിൽ അവശേഷിക്കുന്നത്. ബാക്കിയുള്ള പരാതികളിന്മേൽ തീരുമാനമെടുത്തു കഴിഞ്ഞിരിക്കുന്നു. ഈ 326 പരാതികളും ഈ മാസം അവസാനത്തോടുകൂടി തീർപ്പു കൽപ്പിക്കാൻ കഴിയുമെന്ന് യൂണിവേഴ്സിറ്റി ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്.

ശ്രീ. കാനം രാജേന്ദ്രൻ : 326 പരാതികളല്ല, 3623 കേരള യൂണിവേഴ്സിറ്റിയിലും അതുപോലെ തന്നെ 123,350 എണ്ണം ഗാന്ധിജി, കാലിക്കട്ട് യൂണിവേഴ്സിറ്റികളിലുമായിട്ട് പരീക്ഷാഫലം പ്രസിദ്ധീകരിക്കാൻ ഉണ്ടെന്നു പറഞ്ഞു. അത് പരാതിയല്ലേ? നാലായിരത്തിലധികം കുട്ടികൾ പരീക്ഷയിൽ ജയിച്ചോ തോറ്റോ എന്നറിയാൻ പാടില്ല. അങ്ങനെയുള്ള ഒരു സാഹചര്യം ഈ കേരളത്തിൽ ആദ്യമായിട്ട് ഉണ്ടായിരിക്കുകയാണ്. അതിന് ഒരു പരിഹാരം കാണാൻ എന്ത് നടപടി സ്വീകരിക്കുമെന്നാണ് ഞാൻ ചോദിക്കുന്നത്?

ശ്രീ. ടി. എം. ജേക്കബ് : കേരള യൂണിവേഴ്സിറ്റിയിൽ 3623 പേരുടെയും കാലിക്കട്ട് യൂണിവേഴ്സിറ്റിയിൽ 350 പേരുടെയും ഗാന്ധിജി

LIBRARY ARCHIVES Kerala Legislative Assembly

യൂണിവേഴ്സിറ്റിയിൽ 126 പേരുടെയും പരീക്ഷാഫലം പ്രസിദ്ധീകരിക്കാനുണ്ട്. ഈ പ്രസിദ്ധീകരിക്കാനുള്ള പരീക്ഷാ ഫലത്തിൽ ഉദാഹരണത്തിന് കാലിക്കട്ട് യൂണിവേഴ്സിറ്റിയുടേത് പറഞ്ഞാൽ 350 എണ്ണം പ്രസിദ്ധീകരിക്കാനുള്ളതിൽ 116 എണ്ണം മാൽപ്രാക്ടീസ് നടത്തിയ കേസുകളാണ്. അതുകഴിഞ്ഞ് ബാക്കിയുള്ള കേസുകൾ കഴിഞ്ഞ വർഷത്തിലുള്ള ഇൻഫർമേഷന്റെ അടിസ്ഥാനത്തിൽ ഡീറ്റയിലായിട്ട് ഫർണീഷ് ചെയ്യാവുന്ന കേസുകളാണ്. കേരള യൂണിവേഴ്സിറ്റിയിലും ഏകദേശം 170-ഓളം മാൽപ്രാക്ടീസ് കേസുകളുണ്ട്. ബാക്കി വന്ന കേസുകളിൽ പരീക്ഷ എഴുതിയ സെന്ററുകൾ ഇൻഫർമേഷൻ കൊടുക്കാതെ വന്നതും, ചില സ്ഥലങ്ങളിൽ സമരത്തെത്തുടർന്നുണ്ടായ സംഭവഗതികളെ തുടർന്ന് മാർക്ക് ലിസ്റ്റുകൾ പ്രോപ്പറായിട്ട് യൂണിവേഴ്സിറ്റികളിൽ എത്തിക്കാതെ വന്നതും ഈ ഫലം പ്രസിദ്ധീകരിക്കാൻ തടസ്സമായി വന്നിട്ടുണ്ട്. അതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. ഇതിനകത്ത് അർഹതയുള്ള അല്ലെങ്കിൽ യഥാർത്ഥത്തിൽ കുട്ടികൾക്ക് ജനുവിനായിട്ടുള്ള 326 പരാതികളാണ് ഇനി അവശേഷിക്കുന്നത്. അതിൻമേൽകൂടി ഒരു പരിഹാരം ഉണ്ടാക്കിക്കഴിഞ്ഞാൽ ഈ കാര്യത്തിൽ പരിഹാരം ഉണ്ടാക്കാൻ കഴിയും.

ശ്രീ. കാനം രാജേന്ദ്രൻ : ഈ പ്രീ-ഡിഗ്രി പരീക്ഷാഫലം വളരെ വേഗം പ്രസിദ്ധീകരിക്കാൻ വേണ്ടി നമ്മുടെ സംസ്ഥാന ഗവൺമെന്റ് ചില പ്രത്യേക ഏർപ്പാടുകൾ ചെയ്തിരിക്കുന്നതായി കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകയുണ്ടായി. അങ്ങനെ വളരെ വേഗം പോലീസുകാരെക്കൊണ്ടും മറ്റും ഈ പരീക്ഷാപേപ്പർ നോക്കിക്കുന്നതിനുവേണ്ടി എത്ര പണം യൂണിവേഴ്സിറ്റി ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

ശ്രീ. ടി. എം. ജേക്കബ് : പോലീസുകാരെക്കൊണ്ടൊന്നും ചെയ്യിച്ചിട്ടില്ല. എത്ര പണം അതിനുവേണ്ടി ചെലവാക്കി എന്നുള്ളത് പ്രത്യേക ചോദ്യം ചോദിച്ചാൽ മറുപടി പറയുന്നതാണ്.

ശ്രീ. വർക്കല രാധാകൃഷ്ണൻ : നമ്മുടെ രാജ്യത്തിന്റെ സ്ഥിതിയെ കുറിച്ചാണ് എനിക്ക് പറയാനുള്ളത്. നമ്മുടെ ബഹുമാനപ്പെട്ട മന്ത്രി ഊരുചുറ്റും വാലിഭനെപ്പോലെ അങ്ങനെ ലോക പര്യടനത്തിലാണ്. പക്ഷേ ഈ കേരള സംസ്ഥാനത്ത് പ്രീ-ഡിഗ്രി പരീക്ഷ ജയിച്ചു എന്നു പറയുന്ന കുട്ടികൾക്ക് ഡിഗ്രി ക്ലാസുകളിലേക്കുള്ള പ്രവേശനം രണ്ടാം തീയതി അവസാനിക്കാറായിട്ടും കിട്ടിയിട്ടില്ല. ഇത് നവംബർ മാസമാണ്, ശ്രീ. സീതിഹാജി കൂടി കേൾക്കാൻ പറയുകയാണ്. അങ്ങനെ ഒരു സ്ഥിതിവിശേഷമാണ് ഈ രാജ്യത്തുള്ളത്. ഇന്നും ഈ ഡിഗ്രി ക്ലാസുകളിലേക്കുള്ള കുട്ടികൾക്ക് ചേരാൻ കഴിഞ്ഞിട്ടില്ല. ഷബാനു എന്ന ഒരു പാവപ്പെട്ട പെൺകുട്ടി എഞ്ചിനീയറിംഗ് പരീക്ഷയും പാസായി മാർക്ക് ലിസ്റ്റിന് അപേക്ഷിച്ചിട്ട് മാർക്ക് ലിസ്റ്റ് കൊടുത്തിട്ടില്ല. ആ കുട്ടി കാലത്തും വൈകിട്ടും കയറിയിറങ്ങി നടക്കുകയാണ്. എന്തുകൊണ്ടാണ് ഇതു സംഭവിച്ചത്?' യാതൊരു പരിശീലനവുമില്ലാത്ത വിദ്യാഭ്യാസ ഇൻസ്റ്റിറ്റ്യൂട്ടിലും മറ്റും പ്രവർത്തിച്ചിരുന്ന കുറേ താൽക്കാലിക ജീവനക്കാരെ കൊണ്ടുവന്ന് ടാബുലേഷൻ നടത്തി ഈ രാജ്യത്തെ കുട്ടിച്ചോറാക്കിയ കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? എന്തുകൊണ്ട് ഈ പരീക്ഷാഫലം നിങ്ങൾക്ക് ഇതുവരെ പ്രസിദ്ധീകരിക്കാൻ കഴിഞ്ഞിട്ടില്ലായെന്നാണ് ഞാൻ ചോദിക്കുന്നത്.

ശ്രീ. ടി. എം. ജേക്കബ് : താൽക്കാലിക ജീവനക്കാരും അതുപോലെതന്നെ എസ്. എസ്. എൽ. സി. പരീക്ഷയുടെ ടാബുലേഷൻ വർക്കിലും ഒക്കെ

LIBRARY ARCHIVES Kerala Legislative Assembly

മുമ്പ് പോയിട്ടുള്ള ആളുകളെ വച്ചാണ് ടാബുലേഷൻ വർക്ക് നടത്തിയത്. ആ ടാബുലേഷൻ വർക്ക് നടത്തിയതുകൊണ്ട് തന്നെയാണ് കുറെ ആളുകൾക്ക് മുമ്പെങ്കിലും ഈ റിസൾട്ട് പബ്ലിഷ് ചെയ്യാൻ കഴിഞ്ഞത്. ബഹുമാനപ്പെട്ട സഭയ്ക്ക് അറിയാവുന്നതുപോലെ ഒരു പ്രത്യേക സാഹചര്യത്തിൽ സമരമുണ്ടായപ്പോൾ, ഗവൺമെന്റിന് ചില ഉത്തരവാദിത്വം ഈ സംസ്ഥാനത്തെ ജനങ്ങളോട് ഉണ്ട്. ആ ഉത്തരവാദിത്വം നിറവേറ്റാൻവേണ്ടി റിസൾട്ട് പബ്ലിഷ് ചെയ്യുക എന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് റിസൾട്ട് പബ്ലിഷ് ചെയ്തത്. ആ സംവിധാനം വഴി കുഴപ്പമൊന്നുമുണ്ടായതായി ഗവൺമെന്റ് കരുതുന്നില്ല.

ശ്രീ. വർക്കല രാധാകൃഷ്ണൻ : കമ്പ്യൂട്ടർ എന്നു കേട്ടപ്പോൾ ശ്രീ. ജേക്കബ് വിചാരിച്ചു ഇവിടെ കമ്പ്യൂട്ടറാക്കാമെന്ന്. ഗാന്ധിജി യൂണിവേഴ്സിറ്റിയിലും മറ്റും കമ്പ്യൂട്ടർ ഏർപ്പെടുത്തി ടാബുലേഷൻ നടത്തിയതുപോലെ ഇവിടെ കമ്പ്യൂട്ടർ ഏർപ്പെടുത്താമെന്ന് വിചാരിച്ചു. ഇവിടെ സംഭവിച്ചത് തോറ്റവൻ ഫസ്റ്റ് ക്ലാസിൽ ജയിച്ചു. ഫസ്റ്റ് ക്ലാസ്സിൽ ജയിച്ചവർ തോറ്റു. ഇതാണ് കമ്പ്യൂട്ടർ ഏർപ്പെടുത്തി ടാബുലേഷൻ നടത്തിയ ദുഃഖകരമായ അനുഭവം. അങ്ങനെ ഈ രാജ്യത്ത് ആയിരക്കണക്കിന് വിദ്യാർത്ഥികളുടെ ഭാവി അപകടത്തിലായിരിക്കുകയാണ്. ഇൻഡ്യയിൽ എല്ലാ സംസ്ഥാനങ്ങളിലും സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അഡ്മിഷൻ ക്ലോസ് ചെയ്തു കേരളത്തിലാണ് ആകെയുള്ളത്. കേരളത്തിൽ ഒരു കോളേജിലും ഇന്നു കുട്ടികൾക്ക് പഠിക്കാനുള്ള സാഹചര്യമില്ല. എന്തുകൊണ്ടാണ് ഇത്രയും അശാസ്ത്രീയമായി, സാങ്കേതികമായി യാതൊരു വിവരവുമില്ലാത്ത നിലയിൽ കുട്ടികളുടെ ഭാവി അപകടത്തിലാക്കാൻ വേണ്ടി ഈ വാലിപനായ മന്ത്രി ഇങ്ങനെയൊരു സംവിധാനം ഏർപ്പെടുത്തിയതെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് പറയാമോ ?

ശ്രീ. ടി. എം. ജേക്കബ് : കമ്പ്യൂട്ടർ രാജ്യത്തിന് അപകടമാണെന്നുള്ള യാതൊരു വിശ്വാസവും ഞങ്ങൾക്കില്ല. ബഹുമാനപ്പെട്ട ശ്രീ. രാധാകൃഷ്ണന് അത് ഉണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നില്ല. യൂണിവേഴ്സിറ്റി പരീക്ഷാഫലത്തിൽ ഗാന്ധിജി യൂണിവേഴ്സിറ്റിയാണ് കമ്പ്യൂട്ടർ ഉപയോഗിച്ചു പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്നതിൽ പൂർണ്ണമായും നടപടി സ്വീകരിച്ചത്. കഴിഞ്ഞ വർഷവും ഈ വർഷവും ഗാന്ധിജി യൂണിവേഴ്സിറ്റിയുടെ പരീക്ഷാഫലം കമ്പ്യൂട്ടർ ഉപയോഗിച്ചാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. മറ്റുള്ള സ്ഥലങ്ങളിൽ മാർക്ക്‌ലിസ്റ്റ് ഉണ്ടാക്കാൻ വേണ്ടിയാണ് കമ്പ്യൂട്ടർ ഉപയോഗിച്ചിരിക്കുന്നത്. ഈ വർഷത്തെ പരീക്ഷാഫല പ്രസിദ്ധീകരണത്തിൽ ഏറ്റവും കുറച്ച് പരാതികൾ ഫല പ്രസിദ്ധീകരണത്തിനെക്കുറിച്ചാണ്, അവിടെയാകെ കൂടി കിട്ടിയ പരാതികൾ എന്നു പറയുന്നത് ആറെണ്ണം മാത്രമാണ്.

ശ്രീ. പി. കുമാരൻ : അപകടകരമായ ഈ പ്രീ-ഡിഗ്രി പരീക്ഷാഫല പ്രഖ്യാപിത നയത്തിൽ ഒരു കുറ്റബോധമെങ്കിലും ഈ സർക്കാരിന് ഉണ്ടോ ? ഉണ്ടെങ്കിൽ അതിന് പശ്ചാത്തപിക്കാനെങ്കിലും തയ്യാറുണ്ടോ ?

ശ്രീ. ടി. എം. ജേക്കബ് : പരീക്ഷാഫലം പ്രസിദ്ധീകരണത്തിൽ കുറ്റബോധമൊന്നും ഗവൺമെന്റിന് ഇല്ല. ഗവൺമെന്റിന് അഭിമാനിക്കാവുന്നതേ ഉള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : ഈ യൂണിവേഴ്സിറ്റി ജീവനക്കാരുടെ സമരത്തെ തുടർന്ന്, ആ സമരം ഒത്തുതീർപ്പിലാക്കാൻ ശ്രമിക്കുന്നതിനു പകരം വാശിപിടിച്ച് അത് പൊളിക്കാൻ ഉള്ളതിന്റെ ഭാഗമായിട്ട് പോലീസുകാരെയും മറ്റ് ട്യൂട്ടോറിയൽ കോളേജുകളിൽ പഠിപ്പിക്കുന്ന ആളുകളെയുമൊക്കെകൊണ്ട് വാല്യുവേഷൻ നടത്തിയതിന്റെ ഫലമായിട്ടും ടാബുലേഷൻ നടത്തിയതിന്റെ ഫലമായിട്ടുമല്ലേ ആയിരക്കണക്കിന് വിദ്യാർത്ഥികളുടെ ഭാവി മുഴുവൻ തകരാറിലായത് ? അതിന്റെ ഉത്തരവാദിത്വം മന്ത്രി നേരിട്ട് ഏറ്റെടുക്കാൻ തയ്യാറാണോ ? ഈ വിദ്യാർത്ഥികളുടെ ഭാവി അപകടപ്പെടുത്തിയതിന് പരിഹാരം ഉണ്ടാക്കാനും ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. ടി. എം. ജേക്കബ് : വാല്യുവേഷൻ നടത്തിയത് മുഴുവൻ കോളേജുകളിൽ പഠിപ്പിക്കുന്ന പ്രൊഫസർമാരും, ലക്ചറർമാരും മറ്റും തന്നെയാണ്. പുറത്തു നിന്ന് ആരെക്കൊണ്ടും വാല്യുവേഷൻ നടത്തിയിട്ടില്ല. ടാബുലേഷൻ വർക്ക് നടത്തിയതിനകത്ത് പോലീസുകാരൊന്നുമില്ല. ടാബുലേഷൻ വർക്ക് നടത്തിയത് അവിടെയുള്ള താൽക്കാലിക ജീവനക്കാരും എസ്. എസ്. എൽ. സി. പരീക്ഷയിൽ ടാബുലേഷൻ വർക്കിൽ ഏർപ്പെട്ടിട്ടുള്ള സ്കൂൾ ടീച്ചേഴ്സുമാണ്. അല്ലാതെ ഈ രംഗവുമായി ബന്ധമില്ലാത്ത ആരേയും ടാബുലേഷൻ വർക്കിൽ ഏർപ്പെടുത്തിയിട്ടില്ല. ഇവിടെ ഒരു നുണ പല പ്രാവശ്യം ആവർത്തിച്ച് സത്യമാക്കാനുള്ള പ്രവണതയാണ് കാണുന്നത്. പോലീസുകാർ വാല്യു ചെയ്തു, പോലീസുകാർ ടാബുലേറ്റ് ചെയ്തു എന്നൊക്കെ പറയുന്നുണ്ട്. പോലീസുകാർക്ക് ഇതിൽ യാതൊരു ബന്ധവുമില്ല.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : ഈ റിസൾട്ടിന്റെ കുഴപ്പങ്ങൾ കാരണം എം. ബി. ബി. എസ്.-ന് പ്രവേശനം കിട്ടാത്ത ആയിരക്കണക്കിന് വിദ്യാർത്ഥികളുണ്ട്. പ്രൊഫഷണൽ കോഴ്സുകളിൽ ചാൻസ് നഷ്ടപ്പെട്ട വരുണ്ട്. അഡ്മിഷൻ കിട്ടിയവർക്ക് തുടർന്ന് പഠിക്കാൻ കഴിയാത്തവന്നവരുണ്ട്. ഒരു വർഷത്തെ ഒരു പ്രശ്നമല്ല. ഈ രാജ്യത്തെ ആയിരക്കണക്കിന് വിദ്യാർത്ഥികളുടെ ഭാവി അവരുടെ ആയുഷ്ക്കാലം മുഴുവൻ നീണ്ടു നിൽക്കുന്ന വിധത്തിൽ ദോഷകരമായ ഫലങ്ങൾ ഉണ്ടാക്കിയ ഈ നടപടികളുടെ ഉത്തരവാദിത്വം ഏറ്റെടുക്കാൻ ഈ ഗവൺമെന്റ് തന്നെ പരിഹാരം ഉണ്ടാക്കാൻ തയ്യാറുണ്ടോയെന്നാണ് ഞാൻ ചോദിക്കുന്നത് ?

ശ്രീ. ടി. എം. ജേക്കബ് : പ്രൊഫഷണൽ കോളേജുകളിൽ അഡ്മിഷനുവേണ്ടി കുട്ടികൾ നേരത്തെ തന്നെ മാർക്ക് ലിസ്റ്റിനു ആവശ്യപ്പെട്ടിരുന്നു. അങ്ങനെ കിട്ടിയ അപേക്ഷകളിൽ ഏകദേശം ബഹുഭൂരിപക്ഷം അതായത് 97 ശതമാനത്തോളം മാർക്ക് ലിസ്റ്റ് കൊടുക്കാൻ ഗവൺമെന്റിനു കഴിഞ്ഞിട്ടുണ്ട്. പ്രൊഫഷണൽ കോളേജുകളിൽ അഡ്മിഷൻ തടസ്സം വന്നിട്ടില്ല. ഡിഗ്രി കോഴ്സുകളിൽ പ്രവേശനത്തിന് കുട്ടികൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാതിരിക്കാൻ വേണ്ടി മൂന്ന് സർവ്വകലാശാലകളുടേയും ഡിഗ്രിക്കുള്ള പ്രവേശനം ഈ മാസം വരെ നീട്ടികൊടുക്കണമെന്ന് ഗവൺമെന്റ് യൂണിവേഴ്സിറ്റിയോട് ആവശ്യപ്പെടുകയും അത് കണക്കാക്കി നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : യൂണിവേഴ്സിറ്റി ജീവനക്കാരെ സസ്പെൻഡ് ചെയ്ത് പുറത്തു നിർത്തുകയും പരിചയ സമ്പന്നന്മാരായ അദ്ധ്യാപകരെ മുഴുവൻ ഒഴിവാക്കുകയും ചെയ്തുകൊണ്ട് എസ്. എസ്.

LIBRARY ARCHIVES Kerala Legislative Assembly

എൽ. സി. പരീക്ഷ തോറ്റവരെ കൊണ്ടു പോലും പ്രീഡിഗ്രിയുടെ പരീക്ഷാ പേപ്പറുകൾ പരിശോധിച്ചതിന്റെ ഫലമായി ജയിച്ചുവെന്ന് പറയുന്ന വിദ്യാർത്ഥികൾക്ക് തോറ്റതായിട്ടുള്ള മെമ്മോയാണ് ഇപ്പോൾ കിട്ടികൊണ്ടിരിക്കുന്നത്. സർ, ബ്രണ്ണൻ കോളേജിൽ പ്രീഡിഗ്രിക്ക് ഒന്നാം ക്ലാസ്സിൽ പാസ്സായിയെന്നു പറഞ്ഞ് മാർക്ക്‌ലിസ്റ്റ് കിട്ടിയ കുട്ടി ഡിഗ്രി ക്ലാസ്സിൽ ചേർന്നപ്പോൾ തോറ്റു എന്നു പറഞ്ഞുകൊണ്ട്, മെമ്മോ വന്നിരിക്കുകയാണ്. ഇങ്ങനെ നിരവധി വിദ്യാർത്ഥികളെ കണ്ണീരിലാഴ്ത്തിയതിന്റെ ഉത്തരവാദിത്വം ഈ ഗവൺമെന്റിനാണ്. ഈ ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ട്, സംസ്ഥാനത്തെ പ്രീഡിഗ്രി പരീക്ഷാഫലം മാത്രമല്ല അപകടത്തിലാക്കിയതിന്റെ പൂർണ്ണമായ ഉത്തരവാദിത്വം ഈ ഗവൺമെന്റിനാണെന്നു മനസ്സിലാക്കികൊണ്ട് വിദ്യാഭ്യാസ വകുപ്പുമന്ത്രി രാജിവയ്ക്കാൻ തയ്യാറാകുമോ ?

ശ്രീ. ടി. എം. ജേക്കബ് : ഞാൻ രാജിവച്ചതുകൊണ്ട് കുട്ടികൾക്ക് പ്രയോജനമൊന്നും കിട്ടാൻ പോകുന്നില്ല. അങ്ങനെ കിട്ടുമായിരുന്നെങ്കിൽ പിന്നെ അങ്ങനെ ചെയ്യാമായിരുന്നു. അതിന്റെയൊന്നും ആവശ്യം ഇവിടെ ഇല്ല. കാരണം ഒരു പ്രശ്നത്തെ സംബന്ധിച്ച് ജീവനക്കാർക്ക് ചില പരാതികളുണ്ടായി. അക്കാര്യത്തിൽ ജീവനക്കാർ അവലംബിച്ച മാർഗ്ഗത്തെക്കുറിച്ച് ബഹുമാനപ്പെട്ട അംഗങ്ങൾക്ക് എന്തുകൊണ്ട് രോഷമുണ്ടാകുന്നില്ല ? സർ, കുട്ടികളുടെ മാർക്ക്‌ലിസ്റ്റ് മനഃപൂർവ്വം ഒളിപ്പിച്ചുവച്ചു. ചില സ്ഥലങ്ങളിൽ ഫസ്റ്റ് പേപ്പർ വാല്യുവേഷൻ ചെയ്തതിനകത്തു തന്നെ തേഡ് പേപ്പർ ഇംഗ്ലീഷിന്റെ വാല്യുവേഷൻ ചെയ്യാത്ത പേപ്പർ ഒളിപ്പിച്ചു വച്ചു. ഇങ്ങനെ ഒരു തരത്തിലും റിസൾട്ട് പ്രസിദ്ധീകരിക്കരുതെന്നും യാതൊരു വിധത്തിലും ഈ കാര്യങ്ങളിൽ ഒരു ഉത്തരവാദിത്വമില്ലാതെ പാവപ്പെട്ട കുട്ടികളെ വഴിയാധാരമാക്കാൻ നടപടികൾ സ്വീകരിച്ച ജീവനക്കാരുടെ നടപടിയെ വിമർശിക്കാത്തതും അവരെ കുറ്റപ്പെടുത്താത്തതും ശരിയല്ല സർ. നമ്മുടെ രാജ്യത്ത് ഗവൺമെന്റ് എടുക്കുന്ന എല്ലാ തീരുമാനങ്ങളോടും എല്ലാവർക്കും യോജിക്കാൻ കഴിഞ്ഞെന്നു വരുകയില്ല. അതിനോട് അവർ ജനാധിപത്യപരമായ രൂപത്തിൽ പ്രതികരിക്കുന്നതിനോടും ബുദ്ധിമുട്ടില്ല, സമരവും ചെയ്യാം. പക്ഷേ സമരം എന്നു പറയുന്നത് പാവപ്പെട്ട കുട്ടികളെ വഴിയാധാരമാക്കാനുള്ള സമരമാർഗ്ഗമായി വന്നാൽ അതിനെ നേരിടാതിരിക്കുന്നതിന് ഗവൺമെന്റിന് യാതൊരു നിർവ്വാഹവുമില്ല. ഇനിയുള്ള കാലങ്ങളിലാണെങ്കിലും അങ്ങനെയുള്ള സമരങ്ങളെ കർക്കശമായിതന്നെ ഗവൺമെന്റ് നേരിടും.

ശ്രീ. കെ. ഇ. ഇസ്മയിൽ : പ്രീഡിഗ്രി പരീക്ഷാ ഫലത്തോടനുബന്ധമായി ഉണ്ടായ ക്രമക്കേടുകളും, അതുപോലെതന്നെ മാർക്ക്‌ലിസ്റ്റ് കിട്ടാത്ത കുഴപ്പങ്ങളും, ഇപ്പോഴും ഫലം പ്രസിദ്ധീകരിക്കാതെ നിരവധി പേർ ബാക്കി നിൽക്കുന്നതുമായ ഒരു സാഹചര്യം നമ്മുടെ യൂണിവേഴ്സിറ്റിയുടെ ചരിത്രത്തിൽ മുമ്പ് ഏതെങ്കിലും കാലത്ത് ഉണ്ടായിട്ടുണ്ടോ ? താങ്കളുടെ ഭരണകാലത്ത് ആണല്ലോ ഇത്രയേറെ ഗൗരവതരമായ ഈ സംഭവങ്ങൾ ഉണ്ടായത് ? ഇതിനെത്തുടർന്ന്, പരീക്ഷാ ഫലം ധൃതഗതിയിൽ പുറത്തിറക്കുന്നതിനുവേണ്ടി ഗവൺമെന്റ് ചില സംവിധാനങ്ങൾ ഏർപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ, സാമ്പത്തിക സഹായം നൽകിയത് തിരിച്ചുപിടിക്കാൻ തുടങ്ങിയതിനെത്തുടർന്ന് ഇന്ന് യൂണിവേഴ്സിറ്റികളുടെ പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലാണെന്ന് ഒരു വാർത്ത ഉണ്ട്. അത്തരം സാഹചര്യം ഉണ്ടാക്കിയതിന് ഉത്തരവാദിയായ മന്ത്രിയുടെ തെറ്റ്

LIBRARY ARCHIVES Kerala Legislative Assembly

തിരുത്താനാവശ്യമായ എന്തെല്ലാം നടപടികളാണ് ഇനി കൈക്കൊള്ളുന്നതെന്ന് വിശദീകരിക്കാമോ ?

ശ്രീ. ടി. എം. ജേക്കബ് : പ്രത്യേക സംവിധാനം ഉണ്ടാക്കുന്നതിനു വേണ്ടി കൊടുത്ത സാമ്പത്തികസഹായം പിൻവലിച്ചു എന്ന് പറയുന്നത് അടിസ്ഥാനരഹിതമാണ്. യൂണിവേഴ്സിറ്റികൾക്ക് സാമ്പത്തികമായ ബുദ്ധിമുട്ട് ഉണ്ട്. അത് പരിഹരിക്കാൻവേണ്ട നടപടികൾ ഗവൺമെൻറ് സ്വീകരിച്ചിട്ടുണ്ട്. യൂണിവേഴ്സിറ്റികളെ സാമ്പത്തികമായ പ്രതിസന്ധിയിലാക്കി പരീക്ഷാഫലം പ്രസിദ്ധീകരിക്കാൻ എന്തെങ്കിലും ബുദ്ധിമുട്ടുണ്ടാക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നില്ല. അതിന് ആവശ്യമായ നടപടികൾ ഗവൺമെൻറ് സ്വീകരിച്ചുവരികയാണ്.

ശ്രീ. വി. ജെ. തങ്കപ്പൻ : പ്രീഡിഗ്രി പരീക്ഷാഫലം പ്രസിദ്ധീകരിച്ചതിനുശേഷവും ആയിരക്കണക്കിന് വിദ്യാർത്ഥികളുടെ പരീക്ഷാ ഫലം പ്രസിദ്ധീകരിക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. എന്റെ സുഹൃത്ത് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് വാശികൊണ്ട് ഈ പ്രശ്നം പരിഹരിക്കാൻ കഴിയുകയില്ലായെന്നാണ്. അതുമാത്രമല്ല ഇനി ഇതുപോലുള്ള സമരമുണ്ടായാൽ അത് ശക്തിയായി നേരിടുമെന്നും പറഞ്ഞു. സമരങ്ങൾ ഉണ്ടായാൽ അതിനെ നേരിടാനും വേണം നേരത്തെതന്നെ കൊണ്ടുപോകാനും വേണ്ടിയാണ് മന്ത്രിമാരെ ഏർപ്പെടുത്തിയിരിക്കുന്നത്. പൂർണ്ണമായി ഈ മന്ത്രിയുടെ ഭരണം പരാജയപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ അദ്ദേഹത്തെ ഒഴിവാക്കിക്കൊണ്ട് ഈ മന്ത്രിസഭ പുനഃസംഘടിപ്പിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറാകേണ്ടേ ? അത് അദ്ദേഹം ചെയ്യുന്നില്ല. അതുകൊണ്ട് ലാൽബഹദൂർ ശാസ്ത്രി ഒരു റെയിൽവേ ആക്സിഡൻറിന്റെ ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ട് രാജിവച്ച് ഒഴിഞ്ഞതുപോലെ ഇദ്ദേഹത്തിനും ഇതിന്റെ ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ട് രാജിവച്ച് ഒഴിയാനുള്ള സൻമനസും സംസ്ക്കാരവും ഉണ്ടാകുമോ ?

ശ്രീ. ടി. എം. ജേക്കബ് : അതിന് ഒരു പ്രത്യേക മറുപടി ആവശ്യമില്ല.

ശ്രീ. ഇ. കെ. നായനാർ : ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, സമരകാലത്ത് വിദ്യാർത്ഥികളേയും ജീവനക്കാരേയും ജനങ്ങളേയും നേരിടാതെ നിവൃത്തിയില്ല, അതുകൊണ്ട് ശക്തിയായി നേരിടുമെന്ന്. എന്നാൽ ഇവിടെ വന്ന ചോദ്യങ്ങളിൽ മറുപടി ലഭിക്കാത്ത ചില ചോദ്യങ്ങളുണ്ട്. കേരള സർവ്വകലാശാലയുടെ പ്രീഡിഗ്രി പരീക്ഷയിൽ ഏകദേശം എൺപത്തിയയ്യായിരത്തോളം വിദ്യാർത്ഥികൾ തോറ്റു എന്നാണ് ഒരു റിപ്പോർട്ട്. അവർ സെപ്റ്റംബർ പരീക്ഷയ്ക്ക് എപ്പോൾ ഹാജരാകണമെന്നുള്ളതിനെപ്പറ്റി വ്യക്തമാക്കേണ്ടതുണ്ട്. മാത്രമല്ല കരികാലികൾക്ക് പ്രമോഷൻ കൊടുത്തു. അതാണ് റിസൾട്ട് വന്നതിനുശേഷം ജയിച്ചവർ തോൽക്കുകയും തോറ്റവർ ജയിക്കുകയും ചെയ്തത്. റിസൾട്ടിനെപ്പറ്റി ഇവിടെ പ്രമുഖമായ ഒരു പത്രം റിപ്പോർട്ടു ചെയ്തു. ഗവൺമെൻറ് സമരകാലത്ത് സർവ്വകലാശാലയിൽ ജോലിക്ക് ഹാജരായ ഉദ്യോഗസ്ഥൻമാർക്ക് ഡബിൾ പ്രൊമോഷൻ കൊടുത്ത് മറ്റ് ആനുകൂല്യങ്ങളും നൽകി. അസിസ്റ്റൻറ് രജിസ്ട്രാർ കെ. കൃഷ്ണപിള്ളയെ മറ്റു നാലുപേരെ മറികടന്നുകൊണ്ട് ഡെപ്യൂട്ടി രജിസ്ട്രാറാക്കി. ക്രമംവിട്ട ഒരു നടപടിയാണിത്. അതുപോലെതന്നെ സെക്യൂരിറ്റി ഓഫീസർ ബാലസുബ്രഹ്മണ്യന് ഡബിൾ പ്രൊമോഷൻ കൊടുത്തു. സമരത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

പങ്കെടുക്കാത്ത ഡെപ്യൂട്ടി രജിസ്ട്രാർമാർ, അസിസ്റ്റന്റ് രജിസ്ട്രാർമാർ എന്നിവർക്ക് അഡ്വാൻസ് ഇൻക്രിമെന്റും നൽകി. അങ്ങനെ സമരത്തെ അടിച്ചമർത്തി. ഇത്തരം ഒരു നടപടി സ്വീകരിച്ച് പ്രീഡിഗ്രി പരീക്ഷാ പേപ്പർ നോക്കിയതിന്റെ ഫലമായി എൺപത്തയ്യായിരത്തോളം വിദ്യാർത്ഥികൾ പരാജയപ്പെട്ടു. അവർക്ക് സെപ്റ്റംബർ പരീക്ഷയ്ക്ക് എങ്ങനെ ചേരാമെന്നുള്ളതിനെപ്പറ്റി അനിശ്ചിതത്വം നിലനിൽക്കുന്നു. ഇതേപ്പറ്റി മന്ത്രിക്ക് എന്താണ് പറയാനുള്ളത് ?

ശ്രീ. ടി. എം. ജേക്കബ് : തോറ്റ വിദ്യാർത്ഥികൾക്ക് പരീക്ഷ എഴുതാനുള്ള സൗകര്യങ്ങൾ യൂണിവേഴ്സിറ്റി ക്രമപ്പെടുത്തിക്കൊടുക്കുന്നുണ്ട്. യൂണിവേഴ്സിറ്റിയുടെ ഭരണസമിതിയായ സിൻഡിക്കേറ്റ് ഇപ്പോൾ സസ്പെൻഷൻ കഴിഞ്ഞ് അധികാരത്തിൽ വന്നിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ കാര്യങ്ങളൊക്കെതന്നെ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. ആ കാര്യങ്ങളിൽ തീരുമാനമെടുക്കേണ്ടത് യൂണിവേഴ്സിറ്റി സിൻഡിക്കേറ്റാണ്, ഗവൺമെന്റ് അല്ല.

ശ്രീ. എസ്. ആർ. തങ്കരാജ് : മന്ത്രിയുടെ അഭിപ്രായത്തിൽ പരീക്ഷാ പേപ്പറുകളുടെ വാല്യുവേഷൻ നടന്നു കഴിഞ്ഞിരിക്കുകയാണ്. പക്ഷേ ഇപ്പോഴും റിസൾട്ട് പ്രഖ്യാപിക്കപ്പെടാത്ത പല വിദ്യാർത്ഥികൾക്കും വിവരം അന്വേഷിച്ചു ചെല്ലുന്നവർക്കും പേപ്പർ കാണാനില്ലായെന്ന പരാതിയാണ് കിട്ടുന്നത്. പേപ്പർ കാണാനില്ല എന്ന പരാതിയെ സംബന്ധിച്ചിടത്തോളം, ഏതു തരത്തിൽ ഫലപ്രഖ്യാപനം നടത്താനാണ് പോകുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി ഒന്ന് വ്യക്തമാക്കാമോ ?

ശ്രീ. ടി. എം. ജേക്കബ് : പേപ്പർ കാണാനില്ലാത്ത കേസ്സുകളൊന്നും ഉണ്ടായിട്ടില്ല. എല്ലാ കുട്ടികളുടെയും പേപ്പറുകൾ ഉണ്ട്. പക്ഷേ ചില കുട്ടികളുടെ മാർക്ക് ലിസ്റ്റ് കിട്ടാതെ വന്ന ബുദ്ധിമുട്ടുകളിൻമേലാണ് റിസൾട്ട് പ്രസിദ്ധീകരിക്കാൻ കഴിയാതെ വന്നത്. അങ്ങനെയുള്ള കുട്ടികളുടെ ഒറിജിനൽ ആൻസർ ബുക്കുതന്നെ കണ്ടെടുത്ത് അതിൻമേലുള്ള മാർക്ക് പ്രത്യേകമായി സെപ്പറേറ്റ് മാർക്ക് ലിസ്റ്റിൽ എൻറർ ചെയ്തിട്ടാണ് ഇപ്പോൾ പരീക്ഷാഫലം പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. എ. കെ. പത്മനാഭൻ : ജീവനക്കാരാണ് പ്രീഡിഗ്രി പരീക്ഷാഫലത്തിൽ വലിയ കുറ്റം ചെയ്തതെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അവർ മാർക്ക് ലിസ്റ്റ് പൂഴ്ത്തിവച്ചുവെന്നും പറയുന്നു. ടാബുലേഷൻ കഴിയാതെ എങ്ങനെയാണു സർ, മാർക്ക് ലിസ്റ്റ് പൂഴ്ത്തിവയ്ക്കാൻ സാധിക്കുക ? ടാബുലേഷൻ കഴിയുന്നതിനു മുമ്പുതന്നെ സമരം തുടങ്ങിയിരുന്നോ ? മന്ത്രിസഭയെ കരുതിക്കൂട്ടി തെറ്റിദ്ധരിപ്പിക്കുകയാണെന്ന് പറഞ്ഞാൽ അത് ശരിയല്ലേ ?

ശ്രീ. ടി. എം. ജേക്കബ് : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയല്ല. ടാബുലേഷൻ വർക്ക് തുടങ്ങുന്നതിനുമുമ്പ് സമരം ആരംഭിച്ചു. ഓരോ പരീക്ഷാ സെൻട്രലൈസ്ഡ് വാല്യുവേഷൻ ക്യാമ്പുകളിൽനിന്നും മാർക്ക് ലിസ്റ്റുകളാണ് യൂണിവേഴ്സിറ്റിയിൽ എത്തുന്നത്. ആൻസർ ബുക്ക് അല്ല. അങ്ങനെ എത്തുന്ന മാർക്ക് ലിസ്റ്റുകളാണ് ടാബുലേഷനുവേണ്ടി കൊടുക്കുന്നത്. ടാബുലേഷനുമുമ്പ് സമരം ആരംഭിച്ചതുകൊണ്ടാണ് മാർക്ക് ലിസ്റ്റുകൾ പലതും മാറ്റിവയ്ക്കാനിടയായത്.

LIBRARY ARCHIVES Kerala Legislative Assembly